**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4972** **11-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിൻ ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എ . പി . അനിൽ കുമാർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് വാക്സിൻ ക്ഷാമം അതീവ രൂക്ഷമായ സാഹചര്യത്തിൽ കൂടുതൽ വാക്സിൻ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ; | (എ) | മതിയായ അളവിൽ വാക്സിൻ ഡോസുകൾ ലഭിക്കുന്നതിന് സംസ്ഥാനം പതിവായി മന്ത്രാലയവുമായി ബന്ധപ്പെടുന്നു. സംസ്ഥാനത്തിന് ആവശ്യമായ കൂടുതൽ ഡോസുകളെക്കുറിച്ച് മന്ത്രാലയത്തെ അറിയിക്കുകയും 90 ലക്ഷം ഡോസുകൾ/ മാസം ആവശ്യപ്പെടുകയും ചെയ്തു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങളിലും വാക്സിൻ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് പ്രധാനമാണ്. അർഹരായ എല്ലാവർക്കും ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രതിരോധ കുത്തിവയ്പ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനം എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സർക്കാർ സിവിസി (കോവിഡ് വാക്സിനേഷൻ സെന്ററുകൾ) വഴി സൗജന്യമായി വാക്സിൻ നൽകുന്നു. |
| (ബി) | സംസ്ഥാനത്തെ വാക്സിൻ വിതരണ സംവിധാനം സുതാര്യമല്ലെന്നും പോർട്ടൽ വഴി ബുക്ക് ചെയ്തവർക്ക് പോലും വാക്സിൻ ലഭ്യമാകുന്നില്ല എന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോവിനിൽ രജിസ്റ്റർ ചെയ്ത ശേഷം, സ്ലോട്ടുകളുടെ ലഭ്യതയെ അടിസ്ഥാനമാക്കി ഉണഭോക്താവിന് കോവിഡ് വാക്സിൻ വേണ്ടി സ്ലോട്ടുകൾ ബുക്ക് ചെയ്യാം. ആവശ്യകതയുമായി താരതമ്യപ്പെടുത്തുമ്പോൾ വാക്സിൻ ലഭ്യത വളരെ കുറവായതിനാൽ കോവിനിൽ പ്രസിദ്ധീകരിച്ച എല്ലാ സ്ലോട്ടുകളും ഏതാനും മിനിറ്റുകൾക്കുള്ളിൽ ബുക്ക് ചെയ്യപ്പെടും. അതിനാൽ, പലർക്കും വാക്സിനേഷൻ സ്ലോട്ടുകൾ ലഭിക്കുന്നത് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. മുകളിൽ സൂചിപ്പിച്ചതുപോലെ  മതിയായ വാക്സിൻ സ്റ്റോക്ക് ഉറപ്പാക്കുന്നത് പ്രശ്നം പരിഹരിക്കാനുള്ള മാർഗ്ഗമാണ്. കൂടുതൽ വാക്സിൻ ലഭ്യമാക്കാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | വയോധികർ ഉൾപ്പെടെ നാല്പത്തിയഞ്ചു വയസ്സിനു മുകളിൽ പ്രായമായ പലർക്കും ആദ്യ ഡോസ് | (സി) | 4/8/2021 ലെ കണക്കനുസരിച്ച് വയോധികർ ഉൾപ്പെടെ 45 വയസ്സിനു മുകളിൽ പ്രായമായവരിൽ |

| | | | |
|---|---|---|---|
| | വാക്സിൻ പോലും കിട്ടിയിട്ടില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവർക്ക് ആദ്യ ഡോസ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | | 9467781 പേർ ആദ്യ ഡോസ് വാക്സിൻ സ്വീകരിച്ചിട്ടുണ്ട്. ഇത് Target population -ന്റെ 83% ആണ്. ഇവരിൽ 4957368 പേർ രണ്ടാമത്തെ ഡോസും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ